# നിരാലംബർക്ക് തുണയായ ചേട്ടൻ

## അളവറ്റ ദീനാനുകമ്പയോടെ ഏവർക്കും തുണയായിരുന്ന ജി. വിവേകാനന്ദൻ മുതലുള്ള സഹപാഠികളെക്കുറിച്ചുള്ള ഓർമ്മകൾ

■ **പന്മന രാമചന്ദ്രൻ നായർ**

ജി. വിവേകാനന്ദൻ കേരളസർക്കാരിന്റെ പബ്ലിക് റിലേഷൻസ് വകുപ്പു ഡയറക്ടർ, കേരള ഫിലിം ഡെവലപ്മെന്റ് കോർപ്പറേഷന്റെ സ്ഥാപകമാനേജിങ് ഡയറക്ടർ, കേരളകൗമുദിയിൽ പത്രാധിപസമിതിയംഗം തുടങ്ങിയ സ്ഥാനങ്ങൾ വഹിച്ചിരുന്നു. 'കള്ളിച്ചെല്ലമ്മ'യുടെ കർത്താവ് എന്ന ആരാധനയോടെയാണ് 1955-ൽ മലയാളം എം.എ. ക്ലാസ്സിലെ സഹപാഠികളായ ഞങ്ങളെല്ലാം ജി. വിവേകാനന്ദനെ പരിചയപ്പെടുന്നത്. കെ. ബാലകൃഷ്ണന്റെ കൗമുദിവാരികയിൽ ആ നോവൽ ഖണ്ഡശഃ പ്രസിദ്ധീകരിച്ചുകഴിഞ്ഞതേ ഉള്ളൂ. 'ഒരു കോളജുകുമാരന്റെ ഒരു ദിവസത്തെ ഡയറി' എന്ന വിഷയത്തിൽ കൗമുദിവാരിക അക്കൊല്ലം നടത്തിയ പ്രബന്ധരചനാമത്സരത്തിലെ ഒന്നാം സമ്മാനം അദ്ദേഹത്തിനു ലഭിച്ചു. ജീവിതാനുഭവങ്ങളുടെ തീച്ചൂളയിലൂടെ കടന്നുവന്ന ഒരു വിദ്യാർത്ഥിയുടെ അവിസ്മരണീയചിത്രമായിരുന്നു അതിൽ. കള്ളിച്ചെല്ലമ്മയ്ക്കുശേഷം എം.എ. പഠനകാലത്ത് 'കേരളഭൂഷണം' ദിനപത്രത്തിന്റെ വാരാന്ത്യപ്പതിപ്പിൽ ഖണ്ഡശഃ പ്രസിദ്ധപ്പെടുത്തിയ നോവലാണ് 'യക്ഷിപ്പറമ്പ്'. ചിലപ്പോൾ ക്ലാസ്സിലിരുന്നായിരുന്നു നോവലെഴുത്ത്. എന്നാൽ കൃഷ്ണപിള്ളയുടെയോ ഗുപ്തൻനായരുടെയോ ക്ലാസ്സുകളിൽ ഈ പരിപാടി നടത്തിയിട്ടില്ല. എ. രാമചന്ദ്രനും ഞാനും പിൻബെഞ്ചിൽ നോവലിസ്റ്റിന്റെ ഇരുവശത്തും. എഴുതിത്തീർന്ന ഓരോ ഷീറ്റും വായിച്ചിട്ട് ഞങ്ങൾ കൈമാറും. പത്രത്തി



ജി. വിവേകാനന്ദൻ

നയയ്ക്കുംമുൻപ് മാറ്റിയെഴുതുകയോ മിനുക്കുകയോ ചെയ്തിരുന്നില്ല. നേരെ പോസ്റ്റോഫീസിലെത്തി 'മാറ്റർ' കോട്ടയത്തേയ്ക്കയച്ചിട്ട് സ്പെൻസർ ജങ്ഷനിലെ 'ജേക്കബ്സ് കഫേ'യിൽനിന്നു ചായകുടിയും കഴിഞ്ഞിട്ടേ ഞങ്ങൾ ക്ലാസ്സിലേക്കു മടങ്ങിയിരുന്നുള്ളൂ.

തിരുവനന്തപുരത്തെ ഗവൺമെന്റ് വിമെൻസ് കോളജ് പശ്ചാത്തലമാക്കിയുള്ള ഒരു 'പൈങ്കിളി' പ്രണയകഥയാണ് 'യക്ഷിപ്പറമ്പി'ലെ ഇതിവൃത്തം. രസകരമായ ഒരു സംഭവം ഓർക്കുന്നു. അന്ന് ധാരാളം കോളജ്കുമാരിമാർ ആ പത്രത്തിന്റെ വാരാന്ത്യപ്പതിപ്പുമാത്രം തപാലിൽ വരുത്തിയിരുന്നു. യുവമനസ്സുകളെ ശരിക്കും കോരിത്തരിപ്പിക്കുന്ന മൂന്നു നീണ്ട പ്രേമലേഖനങ്ങൾ അടുത്തടുത്തുള്ള ആഴ്ചകളിൽ വന്നു. പിന്നെ നാലു ലക്കങ്ങളിൽ അത്തരത്തിലൊന്നും കാണാഞ്ഞപ്പോൾ ഒട്ടേറെ കുമാരിമാരുടെ കത്തുകൾ പത്രമാപ്പീസിൽ കിട്ടി; നീണ്ട പ്രേമലേഖനങ്ങൾ ഇനിയും വേണമെന്ന്. പത്രാധിപരുടെ നിരന്തരമായ നിർബന്ധത്തിനുവഴങ്ങി നോവലിസ്റ്റ് ഓരോ സന്ദർഭമുണ്ടാക്കി മൂന്നു പ്രേമലേഖനങ്ങൾകൂടി എഴുതുകതന്നെ ചെയ്തു.

### എ. രാമചന്ദ്രനും ചന്ദ്രശേഖരവാര്യരും

ജി. വിവേകാനന്ദന്റെ, വേഗം ഇണങ്ങിച്ചേരുന്ന നാടൻ പെരുമാറ്റം അദ്ധ്യാപകരുൾപ്പെടെ ഏവരെയും ആകർഷിച്ചു. ഞങ്ങൾ തമ്മിലുള്ള അന്നത്തെപ്പരിചയം വിവരിക്കാനാവാത്ത ഗാഢബന്ധമായി വളർന്ന് അദ്ദേഹത്തിന്റെ ചരമം വരെ (1999) അഭംഗുരം തുടർന്നു. ഏഴു വർഷത്തെ മലബാർവാസം കഴിഞ്ഞു ഞാൻ തിരുവനന്തപുരത്തെത്തി രണ്ടുമാസത്തിനുള്ളിൽ അദ്ദേഹത്തിന്റെ ജഗതിയിലെ വീടിനടുത്തുതന്നെ എനിക്കു വീടു വയ്ക്കാൻ സ്ഥലം ഏർപ്പാടാക്കിത്തന്നതു മറ്റാരുമല്ല. ഞങ്ങൾ മുപ്പത്തിരണ്ടു കൊല്ലം അയൽപക്കക്കാരായിരുന്നു. എന്നെക്കാൾ ഒൻപതു വയസ്സു കൂടുതലുണ്ടായിരുന്നു അദ്ദേഹത്തിന്. നാല്പത്തിനാല് കൊല്ലം നീണ്ട ആത്മബന്ധത്തിൽ അദ്ദേഹം എനിക്ക് സുഹൃത്തോ ജ്യേഷ്ഠനോ മാത്രമായിരുന്നില്ല; രക്ഷാകർത്താവുമായിരുന്നു.

പല പത്രങ്ങളിൽ പത്രാധിപത്യം വഹിച്ചതിനുശേഷമാണ് എം.എസ്. ചന്ദ്രശേഖരവാര്യർ എം.എ.യ്ക്കു ചേർന്നത്.

പഠനത്തിനുശേഷവും കോട്ടയത്ത് കേരളഭൂഷണം, കേരളധ്വനി എന്നീ ദിനപത്രങ്ങളിലും 'മനോരാജ്യം' വാരികയിലും പത്രാധിപരായിരുന്നു. പിന്നീട് ഡി.സി. ബുക്സിൽ എഡിറ്ററായും സേവനമനുഷ്ഠിച്ചു. സിദ്ധാർത്ഥൻ എന്ന പേരിൽ 'മനോരാജ്യം' വാരികയിൽ ഏറെക്കാലം പ്രതിവാരക്കുറിപ്പുകൾ എഴുതിയിരുന്നു. 'സിദ്ധാർത്ഥന്റെ ജീവിതചിന്തകൾ' ഉൾപ്പെടെ അഞ്ചുപുസ്തകങ്ങളായി അവ സമാഹരിച്ചിട്ടുണ്ട്. വളരെ വിലപ്പെട്ട ഗ്രന്ഥങ്ങളാണവ. വാരിയർ തൊടുപുഴ കുമാരമംഗലത്ത് രാജനിവാസിൽ വിശ്രമജീവിതം നയിക്കുന്നു.

കഥാകൃത്തും നാടകനടനും ആകാശവാണി നാടകകലാകാരനുമൊക്കെയായിരുന്ന മാർത്താണ്ഡം സോമൻനായർ തിരുവനന്തപുരത്തെ പി.ടി.പി. നഗറിൽ അടുത്തകാലത്ത് അന്തരിച്ചു.

യൂണിയൻ പബ്ലിക് സർവ്വീസ് കമ്മീഷനിൽ മലയാളഭാഷാവിദഗ്ദ്ധനായിരുന്ന ഏവൂർ പരമേശ്വരൻ ബാലസാഹിത്യകാരനും ഹാസ്യശ്ലോകരചയിതാവും തുള്ളൽസാഹിത്യഗവേഷകനുമായിരുന്നു.

സന്ദേശകാവ്യഗവേഷകനും ഗ്രന്ഥകാരനുമായ ചമ്പക്കുളം അപ്പുക്കുട്ടൻനായർ കേരളസർവകലാശാലയുടെ ഹസ്തലിഖിതഗ്രന്ഥശാലയിൽ ഡെപ്യൂട്ടി ഡയറക്ടറായിരുന്നു. ചമ്പക്കുളവും പത്നി സെക്രട്ടേറിയറ്റിൽ ജോയിന്റ് സെക്രട്ടറിയായിരുന്ന ആംഗലേയഭാഷാകവയിത്രി ശാന്തയും തിരുവനന്തപുരത്തെ കൊച്ചുള്ളൂരിൽ താമസിച്ചിരുന്നു. അടുത്ത കാലത്തു രണ്ടാളും ദിവംഗതരായി.

ഇന്ദിരാദേവിയും ഹസ്തലിഖിതഗ്രന്ഥശാലയിൽ ഉദ്യോഗസ്ഥയായിരുന്നു. ഇ.എൻ. ഗോദവർമ്മ ദീർഘകാലം മാതൃഭൂമി ദിനപത്രത്തിൽ സഹപത്രാധിപത്യം വഹിച്ചിരുന്നു. ആദിനാടു ഗോപി എന്റെ താലൂക്കിൽ ജനിച്ചു; ഞാൻ പഠിച്ച അതേ ഹൈസ്കൂളിൽ പഠിച്ചു. വർക്കല, കൊല്ലം ശ്രീനാരായണകോളജുകളിൽ പ്രൊഫസറായിരുന്നു. ബഹുഭാഷാപണ്ഡിതനും വിദ്യാഭ്യാസവിദഗ്ദ്ധനുമായ വെള്ളായണി അർജ്ജുനൻ സർവവിജ്ഞാനകോശം ഡയറക്ടറായിരുന്നു.

എ. രാമചന്ദ്രൻ, എം.എ. പഠനം കഴിഞ്ഞ ഉടൻ ചിത്രകലാപഠനത്തിനായി ശാന്തിനികേതനത്തിലേക്കു പോയി. ഏറെക്കാലമായി ഡൽഹി കേന്ദ്രമാക്കി പ്രവർത്തിക്കുന്ന അദ്ദേഹം വിശ്വപ്രസിദ്ധനായ ചിത്രകാരനാണ്. 1964-ൽ സാഹിത്യപ്രവർത്തക സഹകരണസംഘത്തിന്റെ സമ്മാനപ്പെട്ടിയിൽ ഉൾപ്പെടുത്തി പ്രസിദ്ധീകരിക്കപ്പെട്ട എന്റെ ആദ്യകൃതിയായ 'മഴവില്ല്' എന്ന ബാലകവിതാസമാഹാരത്തെ അതിമനോഹരങ്ങളായ പതിനാറു ചിത്രങ്ങൾ കൊണ്ടലങ്കരിച്ചത് എ. രാമചന്ദ്രന്റെ അസാധാരണമായ ശില്പപാടവമാണ്. ഒട്ടേറെ പതിപ്പുകൾ കഴിഞ്ഞിട്ടും വർണ്ണഭംഗിയാർന്ന ആ ചിത്രങ്ങൾക്ക് ഒരു കേടും വരാതെ ഞാൻ സൂക്ഷിച്ചുപോരുന്നു.

രമാദേവി കൊല്ലം ഫാത്തിമാമാതാ നാഷണൽ കോളജിൽ പ്രൊഫസറായിരുന്നു. കൊല്ലം ശ്രീനാരായണകോളജിൽ എന്റെ സഹപാഠിയായിരുന്ന വിശ്വനാഥൻനായരുടെ പത്നിയുമാണ്.

സാഹിത്യകാരൻ എൻ.കെ. ദാമോദരന്റെ മകളായ പ്രസന്നകുമാരി ചെമ്പഴന്തി എസ്.എൻ. കോളജിൽ മലയാളം പ്രൊഫസറും എന്റെ ജ്യേഷ്ഠസുഹൃത്ത് കേരളകൗമുദി എഡിറ്റോറിയൽ അഡ്വൈസർ എൻ. രാമചന്ദ്രന്റെ പത്നിയുമായിരുന്നു. പ്രസന്നകുമാരി ഇന്നില്ല.

ശാന്തകുമാരി ഹൈസ്കൂൾ അദ്ധ്യാപികയും പൂജപ്പുര വിദ്യാഭ്യാസ ഇൻസ്റ്റിറ്റ്യൂട്ടിൽ ഭാഷാവിദഗ്ദ്ധയുമായിരുന്നു. തിരുവനന്തപുരത്തെ പുന്നപുരത്തു താമസിക്കുന്നു. വസന്തകുമാരി നെയ്യാറ്റിൻകരത്താലൂക്കിൽ ഹൈസ്കൂളദ്ധ്യാപികയായി സേവനമനുഷ്ഠിച്ചു.

## അസാധാരണനായ പ്രിൻസിപ്പൽ

ഒന്നാംവർഷത്തിൽ ഡോ. സി.എസ്. വെങ്കടേശ്വരനായിരുന്നു പ്രിൻസിപ്പൽ. ഇദ്ദേഹത്തെ നന്നായി പരിചയപ്പെടുത്തേണ്ടതുണ്ട്. അന്ന് എല്ലാ ബിരുദാനന്തരകോഴ്സിനും അവസാനവർഷമേ പരീക്ഷ ഉണ്ടായിരുന്നുള്ളൂ. ഓണേഴ്സിന്റെ പ്രിലിമിനറി ഇംഗ്ലീഷ് മാത്രമായിരുന്നു വ്യത്യസ്തം എന്നു തോന്നുന്നു. ക്രിസ്മസ് പരീക്ഷയും വർഷാവസാനപരീക്ഷയും മുടങ്ങാതെ നടത്തിയിരുന്നു. എല്ലാവരും എഴുതുകയും ചെയ്തു. ആയിടയ്ക്ക് അമേരിക്കയിൽ നിന്നുവന്ന ഡോ. വെങ്കടേശ്വരൻ ഏർപ്പെടുത്തിയ ഒരു പരീക്ഷാരീതി 'അമേരിക്കൻമോഡൽ' എന്നറിയപ്പെട്ടു. പരീക്ഷാഹാളിൽ മേൽനോട്ടത്തിന് അദ്ധ്യാപകരാരും കാണുകയില്ല. ഉത്തരം എഴുതാനുള്ള കടലാസ് മേശപ്പുറത്തു ശിപായി കൊണ്ടുവന്നു വച്ചിരിക്കും. ഒരദ്ധ്യാപകൻ വന്ന് ചോദ്യക്കടലാസു വിതരണം ചെയ്തിട്ടുപോകും. പേപ്പർ ആവശ്യാനുസരണം എടുത്തു ഞങ്ങൾ എഴുതുന്നു. അവസാനത്തെ രണ്ടുപേർ ചേർന്ന് ഉത്തരക്കടലാസ് ശേഖരിച്ച് ഡിപ്പാർട്ടുമെന്റിൽ ഏല്പിക്കുന്നു. അന്ന് ഈ സമ്പ്രദായം എത്ര ചിട്ടയോടെ നടന്നിരുന്നു!

പ്രിൻസിപ്പൽ എപ്പോഴും എവിടെയും എത്തും. പൊക്കം കുറഞ്ഞിട്ടാണ്. മുള്ളൻ കുറ്റിമുടി. മുഖശോഭ കുറവ്. ഇരുനിറം. അല്പമൊരു കൂനും. ധരിച്ചിരിക്കുന്നതോ, കറുത്ത സൂട്ട്!

കോളജിനു മുൻപിൽ വരിവരിയായി നട്ടിട്ടുള്ള കുറ്റിച്ചെടികൾ ഏറ്റവും നന്നായി വളർത്താനും യഥാസമയം അറ്റം കത്രിച്ചു ഭംഗിപ്പെടുത്താനും അദ്ദേഹം ജോലിക്കാർക്കു കർശന നിർദ്ദേശം നല്കിയിരുന്നു. ആ ഭംഗി പിന്നീടൊരിക്കലും കണ്ടിട്ടില്ല. ക്യാമ്പസ്സിലെങ്ങും ഒരിലയോ കടലാസുതുണ്ടോ കണ്ടിരുന്നില്ല. പ്രിൻസിപ്പലായി വന്ന ഇടയ്ക്ക് ഒരു കാര്യം അദ്ദേഹത്തിന്റെ ശ്രദ്ധയിൽപ്പെട്ടു. ക്യാമ്പസിൽ അങ്ങിങ്ങായി അല്പസ്വല്പം പുകവലി നടക്കുന്നു. അടുത്ത ദിവസം ഒരു നോട്ടീസ് ക്ലാസ്സുകളിലേക്കയച്ചു, ക്യാമ്പസ്സിൽ പുകവലി പാടില്ലെന്നും അങ്ങനെ ചെയ്യുന്നവർ പിഴയൊടുക്കേണ്ടിവരുമെന്നും. ശിക്ഷ വേണ്ടിവന്നില്ല. രണ്ടുദിവസം രണ്ടുതവണ വീതം പ്രിൻസിപ്പൽ ക്യാമ്പസ്സിൽ ചുറ്റിനടന്നു. അത്രതന്നെ. ആരും അനുസരിക്കാതിരുന്നില്ല.

ഞങ്ങളുടെ യൂണിവേഴ്സിറ്റിപ്പരീക്ഷ നടക്കുന്നതിനു രണ്ടുമാസം മുൻപ്, നിലവിലുള്ള ബോർഡു തന്നെയാണെങ്കിൽ തങ്ങൾക്കു ക്ലാസ്സുകിട്ടുകയില്ലെന്നറിയാമായിരുന്ന ചിലരുടെ ഉപജാപങ്ങളും ഊമക്കത്തുകളും അവരുടെ ബന്ധുക്കളുടെ സ്വാധീനതയുമെല്ലാം കൊണ്ട്, ഒരു വർഷം കൂടി കാലാവധിയുണ്ടായിരുന്ന ബോർഡു മാറുകയും പകരം പുതിയ ബോർഡു നിലവിൽ വരുകയും ചെയ്തു. പരീക്ഷ തുടങ്ങുന്ന ദിവസം രാവിലേ ഞാൻ 'സത്യനികേതന'ത്തിലേക്കു ചെന്നു. പാദം തൊട്ടുവന്ദിച്ച എന്നെ അദ്ദേഹം അനുഗ്രഹിച്ചു. അദ്ദേഹം പറഞ്ഞു: "ബോർഡുമാറിയതുകൊണ്ട് രാമചന്ദ്രന് ഒരു കുഴപ്പവും വരുകയില്ല. പരീക്ഷ നന്നായിട്ടെഴു




ജി. വിവേകാനന്ദന്റെ അച്ഛൻ എൻ. ഗോവിന്ദനും അമ്മ കെ. ലക്ഷ്മിക്കുട്ടിയമ്മയും

തുക.''

എഴുത്തുപരീക്ഷയുടെ മൂല്യനിർണയത്തിനുശേഷമുള്ള വാചാപരീക്ഷ യൂണിവേഴ്സിറ്റി കോളജിലെ മലയാള വിഭാഗത്തിൽ വച്ചായിരുന്നു- രാവിലെ പത്തുമണിക്ക്. അദ്ധ്യക്ഷനുൾപ്പെടെ ബോർഡംഗങ്ങളായ നാലുപേരും ഉണ്ടായിരുന്നു. ഉച്ചതിരിഞ്ഞു രണ്ടുമണിക്ക് പരീക്ഷാഫലമറിയിക്കുമെന്നു പറഞ്ഞിരുന്നതിനാൽ വിദ്യാർത്ഥികളെല്ലാം എത്തി. ഓരോരുത്തരെയായി ശിപായി മുകളിലേക്കു വിളിച്ചു. ഞാൻ ചെന്നപ്പോൾ അദ്ധ്യക്ഷൻ പറഞ്ഞു: "ഇരിക്കൂ രാമചന്ദ്രൻനായർ. ഞങ്ങളുടെയെല്ലാം അനുമോദനം. ഫസ്റ്റ്ക്ളാസ്സുണ്ട്.''

ഉടനേ ഞാൻ ചോദിച്ചു: "റാങ്ക് ആർക്കാണു സാർ?''

"അതു തീരുമാനിച്ചിട്ടില്ല... ഓ, ശരി. ഞങ്ങളുടെ ശുഭാശംസ.''

മറ്റാരും ഒന്നും മിണ്ടിയില്ല. ഞാൻ എഴുന്നേറ്റു താഴേക്കിറങ്ങി. സുഹൃത്തുക്കളെ എല്ലാവരെയും ഒന്നുനോക്കിയിട്ട് ആരോടും ഒന്നും പറയാതെ പോകാനേ എനിക്കു കഴിഞ്ഞുള്ളൂ.

ഞാൻ നേരെ 'സത്യനികേതന'ത്തിലേക്കാണു പോയത്. ഇളംകുളംസാർ ഇറങ്ങിവന്നു.

'ഫസ്റ്റ്ക്ളാസ്സുണ്ട്' - ഞാൻ പറഞ്ഞു.

'റാങ്ക്?' - സാർ.

'അതു തീരുമാനിച്ചിട്ടില്ലെ'ന്നാണ് ചെയർമാൻ പറഞ്ഞത്.

"ഓഹോ!... ഓ, അതെന്തെങ്കിലുമാകട്ടെ. ഞാൻ പറഞ്ഞിരുന്നതു ശരിയായില്ലേ? ഫസ്റ്റ്ക്ളാസ് കിട്ടിയല്ലോ. രാമചന്ദ്രനു നല്ലതേ വരൂ.''

എന്റെ കണ്ണുകൾ നിറഞ്ഞു.

ഇനി മീനാക്ഷിയമ്മ ടീച്ചറെ കാണണം. ടീച്ചർ 1956-ൽ ഉദ്യോഗമൊഴിഞ്ഞെങ്കിലും കുറെക്കാലത്തേയ്ക്ക് ശാസ്തമംഗലത്തെ വീട്ടിൽത്തന്നെയുണ്ടായിരുന്നു. ഞാൻ ചെന്നപ്പോൾ ടീച്ചർ പൂമുഖത്തേയ്ക്കു വന്നു. 'ഫസ്റ്റ്ക്ളാസ്സുണ്ട്' എന്നു പറഞ്ഞുകൊണ്ടു ഞാൻ പാദം തൊട്ടുതൊഴുതു. ടീച്ചർ എന്നെ പിടിച്ചെഴുന്നേൽപിച്ചു. ഞാൻ കരയുകയായിരുന്നു. ടീച്ചറും കണ്ണു തുടച്ചു.

''രാമചന്ദ്രൻ ഇരിക്കൂ. അന്ന് എന്നോടു പറഞ്ഞ വാക്കു ശരിക്കും പാലിച്ചു. ഇല്ലേ? സന്തോഷമായി.''

ടീച്ചറുടെ മാതൃസവിശേഷമായ ശിഷ്യവാത്സല്യം എനിക്കുമാത്രമല്ല, ആർക്കും മറക്കാനാവില്ല. 'ടീച്ചർക്ക് ആൺകുട്ടികളോടാണു കൂടുതൽ സ്നേഹം'- എന്നു ചില പെൺകുട്ടികൾ സ്വകാര്യമായിട്ടു പറഞ്ഞിരുന്നതായി ടീച്ചറുടെ മൂത്തമകൾ, എൻ.എസ്.എസ്. കോളജിൽ ഹിന്ദി പ്രൊഫസറായിരുന്ന എം.കെ. ലീല പറഞ്ഞിട്ടുണ്ട്. അതിനുകാരണം, അമ്മയ്ക്ക് ആൺമക്കളില്ലാത്തതാവാം എന്നു ലീല അവരോടു പറഞ്ഞിരുന്നത്രേ.

രണ്ടാമത്തെ മകൾ അകാലചരമമടഞ്ഞ കോന്നി ഹൈസ്കൂൾ ഹെഡ്മിസ്ട്രസ് എം.കെ. ലതയുടെ ഓർമ്മയ്ക്കായി ഭർത്താവ് കെ.എൻ. രാഘവൻ നായർ ഏർപ്പെടുത്തിയ 'കോന്നിയൂർ മീനാക്ഷിയമ്മ സ്മാരകപുരസ്കാരം' ആദ്യമായി ലഭിച്ചത് (2005) എന്റെ 'നവയുഗശില്പി രാജരാജവർമ്മ' എന്ന നിരൂപണഗ്രന്ഥത്തിനാണ് എന്നതും ടീച്ചറുടെ മഹാനുഗ്രഹമായിത്തന്നെ ഞാൻ കരുതുന്നു.

ടീച്ചറെക്കണ്ടതിനുശേഷം ഞാൻ താമസസ്ഥലത്തേക്കുചെന്നു. വിവേകാനന്ദൻചേട്ടനെ കാര്യങ്ങൾ ധരിപ്പിച്ചു. രണ്ടാം വർഷത്തിൽ ഉദ്യോഗസ്ഥനായിപ്പോയതുകൊണ്ട് അദ്ദേഹത്തിനു പരീക്ഷയെഴുതാൻ കഴിഞ്ഞില്ല. ചേട്ടൻ പറഞ്ഞു: "എന്തോ കാര്യമുണ്ട്. ഏതായാലും നമുക്കു നാളെ യൂണിവേഴ്സിറ്റി ഓഫീസിൽ പോകാം.''

എനിക്ക് ആകെ ഒരുന്മേഷവും തോന്നിയില്ല. അടുത്ത ദിവസം ഉച്ചകഴിഞ്ഞ് ഞങ്ങളൊന്നിച്ചു യൂണിവേഴ്സിറ്റി ഓഫീസിലേക്കുപോയി. അവിടത്തെ പ്രധാനപ്പെട്ട ഒരാൾ ചേട്ടന്റെ സുഹൃത്തായിരുന്നു. അദ്ദേഹം ഫോണിൽ വിളിച്ചുപറഞ്ഞതനുസരിച്ച് ഞങ്ങൾ പരീക്ഷാവിഭാഗത്തിലേക്കു ചെന്നു. അവിടെ നിന്നറിഞ്ഞത്: എം.എ.ക്കാരിൽ എനിക്കും പരമേശ്വരനും (ഏവൂർ) ഫസ്റ്റ്ക്ളാസ്സ് - ഒരേ മാർക്കും. എന്നുവച്ചാൽ, രണ്ടുപേർക്കും ഒന്നാംക്ലാസ്സും ഒന്നാം റാങ്കും. ഓണേഴ്സുകാരിൽ ചന്ദ്രശേഖരവാര്യർക്കും ഒന്നാംക്ലാസ്സുണ്ട്.

അടുത്ത ദിവസം വിവേകാനന്ദൻ ചേട്ടൻ എന്റെ പടം കേരളകൗമുദി ദിനപത്രത്തിൽ കൊടുത്തു - 'പന്മന രാമചന്ദ്രൻ നായർ, മലയാളം എം.എ. ഫസ്റ്റ് ക്ളാസ് ഫസ്റ്റ് റാങ്ക്' എന്ന കുറിപ്പോടെ. അടുത്ത ദിവസം അതു പത്രത്തിൽവന്നു. നാലുദിവസം കഴിഞ്ഞപ്പോൾ മറ്റൊരു പടവും കേരളകൗമുദിയിൽ വന്നു - 'ഏവൂർ പരമേശ്വരൻ, ഞാനും മലയാളം എം.എ. ഫസ്റ്റ്ക്ളാസ്സ് ഫസ്റ്റ് റാങ്ക് ആണ്' - എന്ന കുറിപ്പു സഹിതം!

## പ്രിയപ്പെട്ട സാഹിത്യകാരനും പ്രിയപ്പെട്ട പത്രാധിപരും

ഞാൻ ലക്സിക്കൻ ഓഫീസിൽ പ്രവർത്തിക്കുന്ന കാലത്ത് വിവേകാനന്ദൻചേട്ടനും ഞാനും കൂടി താമസിച്ചിരുന്നത് കോട്ടൺഹിൽ സ്കൂളിനു സമീപത്തുള്ള തേവറത്തല എന്ന വീട്ടിന്റെ ഒരു പകുതിയിലാണ്. യൂണിവേഴ്സിറ്റി കോളജിൽ പഠിക്കുന്ന കാലം മുതലേ ഞങ്ങളൊന്നിച്ച് ഇടയ്ക്കിടെ അദ്ദേഹത്തിന്റെ കോളിയൂരിലുള്ള വീട്ടിലേക്കു പോയിരുന്നു. അച്ഛൻ ഗോവിന്ദൻ, അമ്മ ലക്ഷ്മിക്കുട്ടി. ഒൻപതു മക്കളിൽ ഏറ്റവും മൂത്തയാളാണ് വിവേകാനന്ദൻ. വീട്ടിലെപ്പേര് കുട്ടപ്പൻ. ഞങ്ങൾ ചെല്ലുമെന്നറിഞ്ഞാൽപ്പിന്നെ അമ്മയ്ക്ക് വിഭ

വങ്ങളൊരുക്കൽതന്നെ. മരച്ചീനിയും ചിപ്പിയുമാണ് രണ്ടുപേർക്കും ഏറെ ഇഷ്ടമെന്ന് അമ്മയ്ക്കറിയാം. ചിപ്പി മദ്ധ്യകേരളത്തിലെ കക്കയാണ്; അഥവാ ഉത്തരകേരളത്തിലെ 'കല്ലുമ്മേക്കായ'. ചിട്ടിനടത്തിയും മറ്റും വലിയ സാമ്പത്തികത്തകർച്ച നേരിട്ടയാളാണ് അച്ഛൻ. പ്രാദേശികഭാഷയിൽ പറഞ്ഞാൽ 'കൊടികെട്ടിയ' രാമായണം വായനക്കാരനായിരുന്നു ഗോവിന്ദനാശാൻ. എന്റെ അച്ഛനെ ചട്ടമ്പിസ്വാമിതിരുവടികൾ 'ഭാഗവതർ' എന്നാണ് വിളിച്ചിരുന്നതെന്നും ഞാൻ കവിത ഈണത്തിൽ ചൊല്ലുമെന്നും എന്നെ പരിചയപ്പെടുത്തിയ ദിവസംതന്നെ കുട്ടപ്പൻ അച്ഛനോടു പറഞ്ഞു. അന്നുതന്നെ അദ്ദേഹം രാമായണത്തിലെ ഒരു ഭാഗം എന്നെക്കൊണ്ടു വായിപ്പിച്ചു കേൾക്കുകയും ചെയ്തു. പിന്നെ അതു പതിവായി. ക്രമേണ എല്ലാ സഹോദരങ്ങൾക്കും ഞാൻ ഉറ്റ ബന്ധുവായി. അവർക്ക് ജ്യേഷ്ഠനോടു നേരിട്ടു പറയാൻ മടിയുള്ള പല കുടുംബകാര്യങ്ങളും എന്നെക്കൊണ്ടു പറയിച്ചിരുന്നു.

കഷ്ടപ്പാടുകൾ സഹിച്ചു പടിപടിയായുയർന്ന് സമുന്നതപദവികളിലെത്താൻ കഴിഞ്ഞ മറ്റൊരു സാഹിത്യകാരൻ എന്റെ അറിവിലില്ല. സാമ്പത്തികപ്രയാസം മൂലം എട്ടാംതരത്തിൽ വച്ചു പഠിത്തം നിന്നു. കല്ലുചുമടുൾപ്പെടെ പല കൂലിപ്പണികൾ ചെയ്തു. അഞ്ചുകൊല്ലം കഴിഞ്ഞ് മദ്രാസ് മെട്രിക്കുലേഷൻ ജയിച്ചു; തുടർന്ന് കമ്പൗണ്ടർ പരീക്ഷയും. കുറെനാളത്തെ പട്ടാളസേവനത്തിനുശേഷം രണ്ടുകൊല്ലം സർക്കാരാശുപത്രിയിൽ കമ്പൗണ്ടർ. പിന്നെ രണ്ടുകൊല്ലം ഇന്റർമീഡിയറ്റു പഠനം. വീണ്ടും രണ്ടുകൊല്ലം കമ്പൗണ്ടർ. ബി.എ. ജയിച്ച് എം. എ.യ്ക്കു ചേർന്നപ്പോൾ കമ്പൗണ്ടർ ജോലി രാജിവച്ചു. ഇടയ്ക്കിടയ്ക്ക് ആകാശവാണിയിൽ അനൗൺസർ. അവിടെ ന്യൂസ് റീഡറായിരിക്കുമ്പോഴാണ് പബ്ലിക്ക് റിലേഷൻസ് വകുപ്പിൽ ആദ്യത്തെ കൾച്ചറൽ ഡെവലപ്പ്മെന്റ് ഓഫീസറായത്. പബ്ലിക്ക് റിലേഷൻസ് വകുപ്പിൽ ഡയറക്ടറായിരിക്കെ ഫിലിം ഡെവലപ്മെന്റ് കോർപ്പറേഷന്റെ ആദ്യത്തെ മാനേജിങ് ഡയറക്ടറായി. തിരുവല്ലത്തെ പ്രകൃതിരമണീയമായ സ്ഥലം കണ്ടെത്തി ചിത്രാഞ്ജലി സ്റ്റുഡിയോ സ്ഥാപിച്ചത് അദ്ദേഹമാണ്.



ജി. വിവേകാനന്ദന്റെ ഭാര്യ ലളിത

ആ വ്യക്തിത്വത്തിലെ അളവറ്റ ദീനാനുകമ്പയാണ് എന്നെ അത്യധികം ആകർഷിച്ചിട്ടുള്ളത്. കേരളത്തിന്റെ നാനാഭാഗത്തുനിന്നുമുള്ള സാഹിത്യകാരന്മാരും മറ്റു സുഹൃത്തുക്കളും കത്തു നല്കി അയയ്ക്കുന്ന രോഗികൾ ചികിത്സ കഴിഞ്ഞ് തിരിച്ചുപോകുംവരെയുള്ള എല്ലാക്കാര്യങ്ങളും അന്വേഷിച്ചു നടത്തിക്കൊടുക്കുക ഒരു സ്ഥിരം പ്രവർത്തനമായിരുന്നു. കമ്പൗണ്ടറായിരുന്ന കാലത്ത് ആശുപത്രിയിൽനിന്നു നേടിയ അനുഭവങ്ങളാവാം ദീനാനുകമ്പ വളർത്തിയെടുത്തത്. രോഗികളുടെ പരിപാലനത്തിൽ സഹായികളായി ഒരു ടീംതന്നെ അന്നുണ്ടായിരുന്നു. അദ്ദേഹത്തോടൊന്നിച്ചു കമ്പൗണ്ടർമാരായിരുന്ന പാലാ ശ്രീധരൻ എന്ന നോവലിസ്റ്റ്, ആത്മാർത്ഥതയും പ്രവർത്തനനൈപുണ്യവും കണ്ടറിഞ്ഞ് ദിവ്യൻ എന്നു കെ. ബാലകൃഷ്ണൻ വാത്സല്യപൂർവം ഇരട്ടപ്പേരു നൽകിയിരുന്ന പോങ്ങുംമൂടു കൃഷ്ണൻ നായർ, തിരുമല ജനാർദ്ദനൻ നായർ, സുഹൃത്തുക്കളുടെ ഭാര്യമാരും നഴ്സുമാരുമായിരുന്ന ശാന്തമ്മയും ഇന്ദിരയും– ഇവർ ടീമിലെ പ്രമുഖാംഗങ്ങളായിരുന്നു.

അന്ന് മെഡിക്കൽ കോളജാശുപത്രിയിലെ 16,17,18,19–വാർഡുകൾ 'ക്രോണിക്' വാർഡുകൾ എന്നറിയപ്പെട്ടു. എല്ലാ യൂണിറ്റുകളിലും അവഗണിക്കപ്പെട്ടിരുന്ന മിക്കവരെയും കുറച്ചു ദിവസത്തിനുശേഷം ഈ വാർഡുകളിലേക്കു മാറ്റും. മാറാരോഗക്കാരും നിരാലംബരുമായ ഇവരിൽ മിക്കവർക്കും സന്ദർശകർ ഉണ്ടാവാറില്ല. ഈ വാർഡുകളിലേക്കു കുറെ 'ഇൻലാൻഡു'മായിച്ചെന്ന് രോഗികളുടെ വീടുകളിലേക്ക് കത്തെഴുതിക്കൊടുക്കുക അദ്ദേഹം പതിവാക്കിയിരുന്നു. പലപ്പോഴും ഇതിനു സഹായിയായിരുന്നത് പബ്ലിക് റിലേഷൻസ് വകുപ്പിൽ ഉദ്യോഗസ്ഥനും സാഹിത്യകാരനുമായ സുകുമാരൻ മുതുകുളമാണ്.

ആദ്യകാലത്ത് തുരുമ്പെടുത്ത ഒരു സൈക്കിളായിരുന്നു വാഹനം. പിന്നെ 'ഫൻറാബുലസ്' എന്ന സ്കൂട്ടർ ആയി. അതിനെ സുഹൃത്തുക്കൾ വിളിച്ചിരുന്നത് 'ആംബുലൻസ്' എന്നാണ്. ഭാര്യ ലളിത ടീച്ചർ നെടുങ്ങണ്ട ട്രെയിനിങ് കോളജിൽ വിദ്യാർത്ഥിനി ആയിരിക്കുമ്പോൾ, പെൺകുട്ടി അറിയാതെ മറഞ്ഞുനിന്നു പെണ്ണുകാണാൻ അവിടെ ഞങ്ങൾ രണ്ടും കൂടി പോയത് ഇതേ



സുകുമാരൻ മുതുകുളം

വാഹനത്തിലാണ്. ഡോ. കെ.എൻ. പൈ തലസ്ഥാനത്തെ വിഖ്യാതനായ ഭിഷഗ്വരനായിരുന്നു. അദ്ദേഹവുമായും കുടുംബാംഗങ്ങളുമായും ചേട്ടന് അടുത്ത ബന്ധമുണ്ടായിരുന്നതിനാൽ, 'പൈസാറിനെ വേഗം കാണുകയും ചികിത്സിപ്പിക്കുകയും ചെയ്യുന്നതിന് വിവേകാനന്ദനെ കണ്ടാൽ മതി' എന്നൊരു ധാരണതന്നെ പരന്നിരുന്നു.

'കള്ളിച്ചെല്ലമ്മ'യുടെ കർത്താവ് എന്നാണ് ജി. വിവേകാനന്ദൻ അറിയപ്പെട്ടത്. പക്ഷേ, അദ്ദേഹത്തിനു കൂടുതൽ പ്രിയപ്പെട്ട നോവലും വാസ്തവത്തിൽ കൂടുതൽ മെച്ചപ്പെട്ട നോവലും 'കള്ള്' ആണ്. സി.വി. രാമൻപിള്ളയ്ക്കുശേഷം തെക്കൻ തിരുവിതാംകൂറിലെ പ്രാദേശികമലയാളം ഇത്ര വിദഗ്ധമായി മറ്റാരും കൈകാര്യം ചെയ്തിട്ടില്ല. അദ്ദേഹത്തിന്റെ എല്ലാ കൃതികളിലും ആ ഭാഷയുണ്ട്. ■

തുടരും